**<u>പതിനാലാം കേരള നിയമസഭ</u>**
**<u>പതിനഞ്ചാം സമ്മേളനം</u>**

**നക്ഷത്രചിഹ്നമിട്ട** **25.06.2019-ൽ**
**ചോദ്യം നം. *400** **മറുപടിയ്ക്ക്**

**<u>പ്രളയ ബാധിത പ്രദേശങ്ങളിലെ ഭവന നിർമ്മാണം</u>**

**<u>ചോദ്യം</u>**
ശ്രീ. യു.ആർ. പ്രദീപ്
ശ്രീ. കാരാട്ട് റസാഖ്
ശ്രീ. രാജു എബ്രഹാം
ശ്രീ. കെ. ബാബു

**<u>ഉത്തരം</u>**
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രളയകാലത്ത് വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കാരണം പാർപ്പിട മേഖലയിൽ വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടായ സാഹചര്യത്തിൽ നൂതനമായ കെട്ടിട നിർമ്മാണ രീതികളുടെയും ഈ രംഗത്ത് നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തേണ്ട-തിന്റെയും പ്രാധാന്യത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കാമോ; | (എ) | ഉണ്ട്. പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുവാൻ കേരള പുനർനിർമ്മാണ പദ്ധതി ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തെ ഭൂമിശാസ്ത്രപരമായും ഘടനാപരമായും വിവിധ മേഖലകളായി തിരിച്ച്, അതത് മേഖലകളിൽ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സാങ്കേതികവിദ്യകൾ കണ്ടെത്തി വേണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. പൂർണ്ണമായും പുതിയ സ്ഥലങ്ങൾ കണ്ടെത്തി നിർമ്മിക്കേണ്ട കെട്ടിടങ്ങൾക്കും, പഴയ സ്ഥലത്ത് പൂർണ്ണമായും പുനർനിർമ്മിക്കേണ്ട കെട്ടിടങ്ങൾക്കും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണരീതി അവലംബിക്കാവുന്നതാണ്. കൂടാതെ ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള സ്ഥലങ്ങൾ പൂർണ്ണമായും ഒഴിവാക്കുമ്പോൾ തന്നെ സമീപ പ്രദേശങ്ങളിലും മണ്ണിടിച്ചിൽ പ്രതിരോധിക്കുവാൻ ശേഷിയുള്ള നിർമ്മിതികൾ ആവശ്യമാണ്. അതുപോലെ എല്ലാ വർഷവും കുറച്ച് ദിവസങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന |

| | | | |
|---|---|---|---|
| | | | കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിലും നൂതന സാങ്കേതികവിദ്യയുപയോഗിച്ചുള്ള നിർമ്മാണ രീതികൾ പിന്തുടരേണ്ടതുണ്ട്. ഇങ്ങനെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രീഫാബ് സാങ്കേതിക വിദ്യയോ, ഫെറോസിമന്റ് സാങ്കേതിക വിദ്യയോ പ്രയോജനപ്പെടുത്താവുന്നതാണ്.<br>കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും, കേരള പുനർനിർമ്മാണ പദ്ധതിയും, ഐക്യരാഷ്ട്ര വികസന പരിപാടിയും (UNDP) സംയുക്തമായി വിവിധ ജില്ലകളിലായി ഭവന നിർമ്മാണ മേഖലയിൽ ദുരന്ത സാദ്ധ്യതയെ മുൻനിർത്തിയുള്ള നിർമ്മാണ രീതികളും അതിനുതകുന്ന സാങ്കേതിക വിദ്യകളും പരിചയപ്പെടുത്തുക എന്ന ലക്ഷ്യവുമായി 'സുരക്ഷിത കേരളം-പ്രദർശനവും പരിശീലനവും' എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ദുരന്തങ്ങളെ അതിജീവിക്കുന്ന നിർമ്മാണരീതികളെക്കുറിച്ചും, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സ്റ്റാളുകളും പ്രദർശനത്തിൽ ഒരുക്കിയിരുന്നു. പ്രളയ സാദ്ധ്യതയുള്ളിടത്ത് മേൽക്കൂര പണിയേണ്ടത് എങ്ങനെ, പ്രളയജലം വാർന്ന് പോകേണ്ടതിന് ചുറ്റുമതിൽ എങ്ങനെ രൂപകല്പന ചെയ്യാം, ബൽറ്റ് കോൺക്രീറ്റിന്റെ പ്രാധാന്യം എന്തൊക്കെയാണ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | ദുരന്ത ബാധിത പ്രദേശങ്ങളിൽ അറ്റകുറ്റപ്പണികളും മെച്ചപ്പെടുത്തലും ആവശ്യമായി വരുന്ന വീടുകളുടെ പണി അടിയന്തരമായി പൂർത്തിയാക്കാൻ എന്തെല്ലാം ഏകോപന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ ; | (ബി) | പ്രകൃതി ദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും, പൂർണ്ണപങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തര തലത്തിലുള്ള അംഗീകൃത മാതൃക പിന്തുടർന്ന് 2018-ൽ പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായി തകർന്നതും ഗുരുതരമായി കേടുപാടുകൾ സംഭവിച്ച് (75%-ത്തിലേറെ) വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പുനർനിർമ്മാണത്തിന്, വീട് നഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്ക് തലത്തിൽ വിളിച്ചു ചേർക്കുകയും, വിവിധ ഭവന നിർമ്മാണ സാദ്ധ്യതകൾ വിശദീകരിച്ചു |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈഫ് മിഷന്റെ ചുമതലയിൽ 'സുരക്ഷിത കൂടൊരുക്കം കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാതലത്തിലും ഭവനനിർമ്മാണ സഹായകേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഭവന നിർമ്മാണ മേഖലയിലെ പുനർനിർമ്മാണം അതാത് പ്രദേശങ്ങളിലെ ആളുകൾക്ക് ജീവനോപാധിക്ക് വേണ്ടിയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രീതിയിൽ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കമോ ; | (സി) | പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒട്ടനവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. ദുരന്ത മേഖലകളിൽ തൊഴിലുറപ്പ് പദ്ധതി മുഖാന്തരം 50 അധിക പ്രവർത്തി ദിവസങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രളയക്കെടുതിയിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ARISE പദ്ധതി നടപ്പാക്കുകയും, കെട്ടിട നിർമ്മാണം പൂർണ്ണമായും ഏറ്റെടുക്കാൻ പ്രാപ്തിയുള്ള 246 കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ ട്രേഡുകളിൽ തൊഴിൽ പരിശീലനം നല്കുന്നതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 2019-20 വർഷം 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കൂടുതലായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കുന്ന ഭവന നിർമ്മാണ രീതികൾ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) | കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കൂടുതലായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കുന്ന ഭവന നിർമ്മാണ രീതികൾ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഹൗസിംഗ് കമ്മീഷണറേറ്റ് 2019-20 വർഷത്തിൽ 'കേരള കാലാവസ്ഥാ പ്രതികരണ ഭവന രൂപകല്പന പ്രചരണ പരിപാടി' വിഭാവനം ചെയ്തിട്ടുണ്ട്. പ്രകൃതി സൗഹാർദ്ദ നിർമ്മാണ രീതികൾ വികസിപ്പിക്കുക, പ്രചരിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ ആരംഭിച്ച സംസ്ഥാന നിർമ്മിതി കേന്ദ്രം നിർമ്മാണ ശൈലികളിൽ അവബോധം സൃഷ്ടിക്കുന്നതിന് പൊതുജനങ്ങൾക്കിടയിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിവിധ പരിപാടികൾ നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. സുരക്ഷിതമായ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ച രണ്ട് കൈപ്പുസ്തകങ്ങളിൽ ആദ്യത്തേതിൽ ഭൂമികുലുക്കം പ്രതിരോധിക്കുന്ന ഭവന നിർമ്മാണത്തിനും, രണ്ടാമത്തേതിൽ പ്രളയ പ്രതിരോധത്തിന് ഉതകുന്ന ഭവനങ്ങൾ നിർമ്മിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ